# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി/591/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 14/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി/591/2022 തീയ്യതി: 14/07/2022

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 09-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ,ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എം.ജുനൈദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വി.ജെ.ജോസഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാധാകൃഷ്ണൻ.പി | അസി.എക്സി.എഞ്ചിനീയർ | 01-04-2019 | 26-07-2019 |
| അരുൺ.ജെ.രഞ്ജ് | അസി.എക്സി.എഞ്ചിനീയർ | 27-07-2019 | 31-03-2020 |
| ജിത്തുരാജ്.ആർ | അസി.എഞ്ചിനീയർ | 01-04-2019 | 26-07-2019 |
| നിധിൻ.കെ.എം. | അസി.എഞ്ചിനീയർ | 27-07-2019 | 31-03-2020 |
| സബിത.വി.എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| മിനി.ആർ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| രശ്മി.സി.ആർ | കൃഷി അസി.ഡയറക്ടർ | 01-04-2019 | 04-07-2019 |
| ഷബീന.എച്ച് | കൃഷി അസി.ഡയറക്ടർ | 05-07-2019 | 31-03-2020 |
| ഡോ.വിശ്വകല.വി.എസ് | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 01-04-2019 | 16-06-2019 |
| ഡോ.കാരൾ പിൻഹെയ്റോ | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 17-06-2019 | 31-03-2020 |
| സുഭദ്രകുമാരി.സി.എസ് | സി.ഡി.പി.ഒ | 01-04-2019 | 11-10-2019 |
| ഷക്കീല.കെ | സി.ഡി.പി.ഒ | 12-10-2019 | 27-10-2019 |
| സുഭദ്രകുമാരി.സി.എസ് | സി.ഡി.പി.ഒ | 28-10-2019 | 31-12-2019 |
| ഷക്കീല.കെ | സി.ഡി.പി.ഒ | 01-01-2020 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-7 |
| 9 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 22-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-8 |
| 10 | സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള സ്റ്റീൽ കൂടുതലായി അനുവദിച്ചു. നഷ്ടം - 6077/-<br>Written By: S.Suresh (Audit Officer (HG), On 22-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-9 |
| 11 | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 22-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-10 |
| 12 | ഫൈൻ ഈടാക്കിയതിൽ കുറവ് - നഷ്ടം 16,098/-<br>Written By: S.Suresh (Audit Officer (HG), On 22-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-11 |
| 13 | പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചില്ല<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-12 |
| 14 | ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം-അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-13 |
| 15 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ -വാട്ടർ പ്യൂരിഫയർ വാങ്ങൽ അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-14 |
| 16 | 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് റ്റി.എ. നല്കിയത് സംബന്ധിച്ച്<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-15 |

| | | |
|---|---|---|
| 17 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-16 |
| 18 | എസ്.സി.പഠനമുറി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-17 |
| 19 | സാക്ഷരത മിഷനിലേക്ക് ബ്ലോക്ക് വിഹിതം-അപാകത സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-18 |
| 20 | മെഡിക്കൽ ഓഫീസർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ (UHTC), അമ്പലപ്പുഴ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-19 |
| 21 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-20 |
| 22 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, ചെലവ് വിശദാംശങ്ങൾ മുതലായവ ഹാജരാക്കിയിട്ടില്ല<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 3-1 |
| 2 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 3-2 |
| 3 | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 22-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 3-3 |
| 4 | സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള സ്റ്റീൽ കൂടുതലായി അനുവദിച്ചു. നഷ്ടം - 6,077/-<br>Written By: S.Suresh (Audit Officer (HG), On 22-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

22.2.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 52,50,57,500 | 52,46,53,700 |
| വാർഷിക കണക്ക് പ്രകാരം | 3,72,31,616 | 3,78,91,954 |

28.03.2020-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 11.05.2020 |

## 1-2-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

1) വികസഫണ്ട്(എസ്.സി.പി)ഇനത്തിലെ ചെലവ്, എ.സി.ആർ പ്രകാരം 41,50,963/-രൂപയാണ്. വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഇത് 33,23,973/-രൂപയുമാണ്. എ.സി.ആർ പ്രകാരം സ്പിൽ ഓവർ ചെലവുകൾ കൂടി ഉൾപ്പെട്ടുവന്നതിനാലാണ് വ്യത്യാസമെന്നാണ് മറുപടി ലഭിച്ചത്.

2) ഡെപ്പോസിറ്റ് നീക്കിയിരിപ്പ് സംബന്ധിച്ച (ബി7 ഷെഡ്യൂളിലെ) വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററോ(ഡെപ്പോസിറ്റ് രജിസ്റ്റർ) ഹാജരാക്കിയിട്ടില്ല.

3) ബി9 ഷെഡ്യൂളിൽ വാല്യൂ ആഡഡ് ടാക്സ് (VAT)ഇനത്തിൽ ബാധ്യതയായി ഒരേ തുക(6,735/-) വർഷങ്ങളായി തുടരുന്നു. ജി.എസ്.ടി-യുടെ വരവോടെ അപ്രസക്തമായിട്ടുള്ളതിനാൽ ടി ബാധ്യത ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതാണ്. ഗവ.ഡ്യൂ ആയി കാണിച്ചിട്ടുള്ള 852/-രൂപയും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

4) ആസ്തി സംബന്ധിച്ച (ബി11ഷെഡ്യൂളിലെ) വിവരങ്ങൾ പരിശോധിക്കാൻ ആവശ്യമായ മൂല്യം ഉൾപ്പെടുത്തപ്പെട്ട ആസ്തി രജിസ്റ്റർ/രേഖകൾ ഹാജരാക്കിയിട്ടില്ല.

5) ബി18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് കണക്കുകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്. നിലവിൽ എം.എൻ.ആർ.ഇ.ജി.വിഭാഗത്തിലേക്ക് നല്കുന്ന മുൻകൂർ വിവരങ്ങളേ രേഖപ്പെടുത്തപ്പെടുന്നുള്ളൂ.
6) സംയുക്ത പ്രോജക്കുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ മുൻവർഷ നീക്കിയിരിപ്പ് 16,26,310/-രൂപയാണ്(2018-19, ബി4). 2019-20 വർഷം വാർഷിക കണക്കിൽ ടി തുകയുടെ വരവ് ചെലവുകൾ രേഖപ്പെടുത്തിക്കാണുന്നില്ല. നീക്കിയിപ്പായി 5,84,210/-രൂപയാണ് കാണിച്ചിരിക്കുന്നത്. 10,42,100/-രൂപയുടെ വ്യത്യാസം കാണുന്നു.

ഇതേ പോലെ തന്നെ സംയുക്ത പ്രോജക്കുകൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ മുന്നിരിപ്പ് 28,76,667/-, നീക്കിയിരിപ്പ് 22,73,664/-, വാർഷിക കണക്കിൽ ടി തുകയുടെ വരവ് ചെലവുകൾ രേഖപ്പെടുത്തിക്കാണുന്നില്ല. 6,03,003/-രൂപയുടെ വ്യത്യാസം കാണുന്നു. എ.സി.ആർ-ൽ രേഖപ്പെടുത്തുന്നതിൽ വന്ന പിഴവാണ് ടി അപാകതകൾക്ക് കാരണമെന്ന് മറുപടി ലഭിച്ചു.

7) കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പല നിർദ്ദേശങ്ങളും വാർഷികകണക്കിൽ നിലവിൽ പാലിക്കപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ, എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തൽ ഇല്ല. രസീത്& പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നല്കപ്പെട്ടിട്ടുമില്ല. വാർഷിക കണക്കിൽ പൊതുവായി കാണപ്പെടുന്ന ടി അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,25,00,428 |
| വരവ് | 3,72,31,616 |
| ആകെ | 5,97,32,044 |
| ചെലവ് | 3,78,91,954 |
| നീക്കിയിരിപ്പ് | 2,18,40,090 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 3,40,16,000 | 3,40,16,000 | 2,55,75,737 | 84,40,263 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 54,09,000 | 54,09,000 | 33,23,973 | 20,85,027 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 4,42,000 | 4,42,000 | 3,75,000 | 67,000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 44,48,000 | 44,48,000 | 14,86,140 | 29,61,860 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 59 | 6,07,20,229 | 37 | 3,09,90,347 | 4 | 22 | 62.7% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022-ന് 3.55 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്നവ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1) വൗച്ചറുകൾക്ക് നമ്പർ നൽകി സൂക്ഷിക്കുന്നില്ല.

2) കരാർ ജീവനക്കാരുടെ ഹാജർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

3) വാടക രജിസ്റ്ററിൽ വാടകയുടെ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച

വിവരങ്ങൾ ലഭ്യമല്ല.

5) വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6) ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8) ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് നിയമാനുസൃതം പരിപാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്

9) ഡ്രൈവർമാർക്ക് യാത്രാപ്പടി നൽകുമ്പോൾ 8 Km എന്ന ദൂരപരിധി പരിശോധിച്ച് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-8 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

ഒരു പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കി (മിനിമം 1000 പരമാവധി 25000) കരാർ വെക്കുവാൻ അനുവദിക്കാവുന്നതാണ്. (PWD മാന്വൽ ഖണ്ഡിക 2009-6). താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വിരിപ്പ് പാടം മുതൽ പഞ്ചായത്ത് കോളനി വരെ റോഡ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0033/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സമസ്യ എം. |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയതി | 06/AE/2018 /25.09.18 |
| കരാറുകാരൻ കൈപ്പറ്റിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ വെക്കേണ്ടതീയതി | 08.10.18 |
| കരാർ വെച്ച തീയതി | 17.10.18 |
| കരാർ തുക | 4,94,645 |
| ഈടാക്കേണ്ട ഫൈൻ @1% | 4946 |
| ചെലവ് വിവരം | ബിൽ നമ്പർ 1/25.04.19 രൂപ 4,78,733/- |

കരാർ വെക്കാനുണ്ടായ കാലതാമസം നിർവ്വഹണത്തെ ബാധിച്ചിട്ടില്ലെന്ന മറുപടിയാണ് നൽകിയത്. ഇത് PWD മാന്വലിലെ വ്യവസ്ഥയ്ക്കെതിരാണ്. അതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല.

ബി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അമലോത്ഭവ പള്ളിക്ക് പുറകിൽ നിന്നും അറപ്പാക്ക തീരദേശ റോഡിലേക്കുള്ള റോഡ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0087/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ബൈജു വി. |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയതി | ഇല്ല/ 17.09.19 |
| കരാറുകാരൻ കൈപ്പറ്റിയ തീയതി | 20.09.19 |
| കരാർ വെക്കേണ്ടതീയതി | 03.10.19 |
| കരാർ വെച്ച തീയതി | 26.10.19 |
| കരാർ തുക | 4,82,934 |
| ഈടാക്കേണ്ട ഫൈൻ @1% | 4829 |
| ചെലവ് വിവരം | ബിൽ നമ്പർ 12/28.01.20 രൂപ 4,81,642/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.5.22) മറുപടി ഹാജരാക്കിയില്ല.

കുറവ് വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായതി തിട്ട പ്പെടുത്തുന്നതാണ്.

## 1-9 സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള സ്റ്റീൽ കൂടുതലായി അനുവദിച്ചു. നഷ്ടം - 6077/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുത്തൻപുര മുതൽ കനാൽ വരെയുള്ള ഓട പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0038/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഗ്രിഗറി സി. |
| അളവ് പുസ്തകം | 05/19-20 |
| ചെലവ് വിവരം | ബിൽ നമ്പർ 11/29.01.20 രൂപ 3,38,800/- |

| | |
|---|---|
| | ചെക്ക് നമ്പർ 2975442/04.02.20 രൂപ 1,30,093/- |

പുത്തൻ പുര മുതൽ കനാൽ വരെയുള്ള ഓടപുനരുദ്ധാരണത്തിന്റെ ഭാഗമായി 2x1.1x0.15 (Av) സ്പെസിഫിക്കേഷനിലുള്ള 17 സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള സ്റ്റീലിന്റെ അളവിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. അനുവദിച്ച സ്റ്റീലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

12mm (13x17)x 1.05 @0.89 = 124.78 Kg

8mm (7x17)x 1.95 @ 0.395 = 91.65

ആകെ 216.43 Kg

എന്നാൽ ഇതേ സ്പെസിഫിക്കേഷനിലുള്ള 13 സ്ലാബുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. അതിനാൽ കൂടുതലായി അനുവദിച്ച 4 സ്ലാബുകൾക്കുള്ള റീ ഇൻഫോഴ്സ്മെന്റിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

12mm (13x4) X 1.05 @0.89 = 48.594 Kg

8mm (7x14) X 1.95 @ 0.395 = 21.567

ആകെ 70.161kg

അധികം നൽകിയത് - 70.16 1 Kg @ 77332.01/ടൺ = 5426 + 651 (12% Gst) = 6077/-

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായതി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.5.22) മറുപടി ഹാജരാക്കിയില്ല.

## 1-10 കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അമലോത്ഭവ പള്ളിക്ക് പുറകിൽ നിന്നും അറപ്പാക്ക തീരദേശ റോഡിലേക്കുള്ള റോഡ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0087/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ബൈജു വി. |
| അളവു പുസ്തകം | 03/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 12/28.01.20 രൂപ 4,81,642/- |

മേൽ പ്രവൃത്തിയിലെ ഫില്ലിംഗിന് (Construction Of Embankment With Materials Obtained From Borrow Pits)36.35 $M^3$ ഗ്രാവൽ ഉപയോഗിച്ചത് ടേപ്പ് മെഷർമെന്റിൽ രേഖപ്പെടുത്തി കരാറുകാരന് @1003.20/$m^3$ നിരക്കിൽ 36,466/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ അളവിൽ നിന്നും ഷ്രിങ്കേജ് ഇനത്തിൽ (കൺസോളിഡേഷൻ ഇനത്തിൽ) 10% കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ കരാറുകാരന് അധികം നൽകാനിടയായി. അധികം നൽകിയത് 3.635 $M^3$ (36.35 @10%) @1003.20 = 3647 + 438 (12% Gst) = 4085/- ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.5.22) മറുപടി ഹാജരാക്കിയില്ല.

ബി) മേൽ പ്രവൃത്തിയിൽ Road Concrete With Form Work എന്ന ഇനത്തിന് അനുവദിച്ചിരിക്കുന്നത് Od 126968/2019-20 എന്ന ഒബ്സർവഡ് ഡേറ്റ അനുസരിച്ചുള്ള 8679.36/$m^3$ എന്ന നിരക്കാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ഇതേ ഇനം ചെയ്യുന്നതിന് അനുവദിച്ചിരിക്കുന്നത് Od114380/2019-20 അനുസരിച്ചുള്ള 8461.83/$m^3$ നിരക്കാണ്. ഉയർന്ന നിരക്ക് അനുവദിച്ചത് കരാറുകരൻ ഉയർന്ന

നിരക്ക് ക്വോട്ടു ചെയ്യാനും ആയത് അധികച്ചെലവിനുമിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഉയർന്ന നിരക്ക് ഉൾപ്പെടുത്തി അനുവദിച്ച തുക | 45m$^3$ @ 8679.36/m$^3$ = 390571+46869(12% Gst)= 437440/- |
| അനുവദനീയമായ നിരക്ക് | 45m$^3$@8461.83/m$^3$ = 380782+45694 (12% Gst) = 426476/- |
| അധികം | 10964 |

അർഹമായ നിരക്ക് മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബോധ്യപ്പെടേണ്ടതാണ്.

## 1-11 ഫൈൻ ഈടാക്കിയതിൽ കുറവ് - നഷ്ടം 16,098/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുറക്കാട് ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് ചിറയിൽ റോഡ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | S00340/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഇസ്മയിൽ |
| അളവു പുസ്തകം | 3/18-19 |
| ചെലവു വിവരം | ബിൽ നമ്പർ 5/17.04.20 - 4,08,852/- |

പുറക്കാട് ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് ചിറയിൽ റോഡ് ടാറിംഗ് പ്രവൃത്തിയുടെ കരാർ പ്രകാരം പൂർത്തീകരണ കാലാവധി 21.12.2018 ആയിരുന്നു. എന്നാൽ പൂർത്തിയാക്കിയത് 02.01.20 ലാണ്. പൂർത്തീകരണ കാലാവധി 21.12.2018 ൽ അവസാനിച്ചിരുന്നെന്നും ഒരു വർഷത്തോളമായി പ്രവർത്തിയിൽ പുരോഗതി ഒന്നുംതന്നെ ആയിട്ടില്ലെന്നും നിർമ്മാണപ്രവർത്തിക്ക് വേണ്ടത്ര വേഗതയില്ലെന്നും നിർവ്വഹണഉദ്യോഗസ്ഥൻ രേഖാമൂലം(അസിസ്റ്റന്റ് എഞ്ചിനിയറുടെ AE1/AMB/20 തീയതി 03.01.19 നമ്പർ കത്ത്) കരാറുകാരനെ അറിയിച്ചിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്തുണ്ടായ വീഴ്ച ബോധ്യപ്പെട്ടിട്ടും അർഹമായ ഫൈൻ ഈടാക്കിയില്ല.

04/AE/ABP/2018-19 തീയതി 22.09.18 നമ്പർ കരാർ വ്യവസ്ഥ പ്രകാരം ആദ്യ 3 മാസം വരെ കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ 3 മാസത്തിനും 2% പിഴചുമത്തിക്കൊണ്ടു മാത്രമേ കാലാവധി നീട്ടുകയുള്ളൂ.(തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.18 ലെ എ.സി.2/223/15 തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും കാലതാമസത്തിനുള്ള പിഴയും ഇപ്രകാരം തന്നെയാണ്.) ഇതനുസരിച്ച് 22.12.18 മുതൽ 02.01.20 വരെയുള്ള കാലാവധി ദീർഘിപ്പിച്ച നൽകിയതിന് കരാർ തുക യുടെ 7% പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈടാക്കിയത് 4% മാത്രമാണ്. ഫൈൻ ഈടാക്കേണ്ടതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കരാർ തുക | 496150 |
| 22.12.18 മുതൽ 21.03.19 വരെ @1% | 4962 |
| 22.03.19 മുതൽ 21.06.19 വരെ @2% | 9923 |
| 22.06.19 മുതൽ 21.09.19 വരെ @2% | 9923 |
| 22.09.19 മുതൽ 21.12.19 വരെ @2% | 9923 |

| | |
|---|---|
| 22.12.19 മുതൽ 02.01.20 വരെ @2% (496150X2%x11/90) | 1213 |
| ആകെ | 35944 |
| ഈടാക്കിയത് | 19846 |
| കുറവ് | 16098 |

കുറവു വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.5.22) മറുപടി ഹാജരാക്കിയില്ല.

## 1-12 പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചില്ല

സെക്രട്ടറി 2019-20-ൽ നടപ്പാക്കിയ പ്രോജക്റ്റ് നം.01/20, പദ്ധതി ആസൂത്രണവും മോണിറ്ററിംഗും എന്ന പ്രോജക്ടിൽ വികസന ജനറൽ ഫണ്ടിൽ നിന്ന് ആകെ 1,49,959/-രൂപ ചെലവായിട്ടുണ്ട്. ടി പ്രോജക്ടിൽ ചുവടെ ചേർക്കും പ്രകാരം വന്നിട്ടുള്ള പത്രപരസ്യ ചെലവിൽ ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ജി.ഒ(പി)17/15/ഐ&പി.ആർ.ഡി /8.12.15, ഖണ്ഡിക 3&ജി.ഒ(പി)2/20/ഐ&പി.ആർ.ഡി/10.12.20 ഉത്തരവ് ഖണ്ഡിക 51 എന്നിവ പ്രകാരം ലഭ്യമാകേണ്ടിയിരുന്ന 15% ട്രേഡ് ഡിസ്കൗണ്ട് കുറച്ചിട്ടില്ലെന്ന് കാണുന്നു.

ബിൽ റഫ.നം.190601630146006111O1/25.9.19-പ്രകാരം പിൻവലിച്ച 37,523/-രൂപയിൽ 13,104/-രൂപ മാതൃഭൂമി ദിനപത്രത്തിന് 22.8.19ൽ പ്രസിദ്ധീകരിച്ച പരസ്യത്തിന്മേൽ പരസ്യചാർജ്ജ് ഇനത്തിൽ നല്കിയിട്ടുള്ളതാണ്. (സ്ഥാപനം ഹാജരാക്കിയ ബിൽ നമ്പർ 321000056392/22.8.19) പ്രകാരമാണ് തുക നല്കിയിട്ടുള്ളത്. ജി.എസ്.ടി ഒഴികെ 12,480/-രൂപയിൽ ഡിസ്കൗണ്ട് ഇല്ലാതെ വന്നതിനാൽ 1,872/-രൂപയാണ് അധികച്ചെലവ് വന്നത്. (നം.9/19-20, ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം-അപാകതകൾ

സെക്രട്ടറി നിർവ്വഹിച്ച, ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം എന്ന പ്രോജക്ടിൽ (പ്രോജ.നം.54/20) 2,47,500/-രൂപ വികസനഫണ്ട്(ജനറൽ)പിൻവലിച്ച് വജ്രജൂബിലി ഫെലോഷിപ്പിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ ഡി.എ.1/881/2018/lsgd/28.12.18 പ്രകാരം, ചുവടെ ചേർക്കുന്ന കലാകാരന്മാർക്ക് വേതനം നല്കിയിട്ടുണ്ട്.

1) പാർവ്വതി എസ്.ദാസ്, മോഹിനിയാട്ടം-60,000/-

2) അഭിലാഷ് എച്ച്., ശില്പകല-60,000/-

3) സജു ആർ.കൃഷ്ണൻ, ചിത്രരചന-60,000/-

4) രഞ്ജിത് രാജു എം.ആർ., പാക്കനാർതുള്ളൽ-57,500/-

5) അരുൺരാജു, കഥകളി-10,000/-

എ) സാംസ്കാരിക വകുപ്പ് ഡയറക്റുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഫയൽ പരിശോധിച്ചതിൽ 01/2019 മുതൽ 5,000/-നിരക്കിൽ വേതനം നല്കിയിട്ടുണ്ട്. അവസാനമായി തുക നല്കിയിട്ടുള്ളത് 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ആണ് എന്ന് പ്രോസീഡിംഗ്സിൽ പരാമർശിച്ച് കാണുന്നു(പ്രോസീഡിംഗ്സ് നം.സി189/19-20/21.12.19)പ്രോസീഡിംഗ്സിൽ കാലയളവുകൾ തെറ്റായി പരാമർശിക്കപ്പെട്ടതാണോ എന്ന് വ്യക്തതയില്ല, എന്നാൽ വിവിധ ബില്ലുകൾ പ്രകാരം കലാകാരന്മാർക്ക് ലഭിച്ച തുക പരിഗണിച്ചാൽ 12/2019 വരെയുള്ള തുകയും(60,000/-)നല്കപ്പെട്ട് കഴിഞ്ഞതായാണ് മനസ്സിലാക്കാനാകുന്നത്. ഫയലിൽ നവംബർ 2019 ലേക്കുള്ള സാംസ്കാരിക വകുപ്പ് സാക്ഷ്യപത്രം ഇല്ല. കൂടാതെ, 12/2019ലേക്കുള്ള സാംസ്കാരിക വകുപ്പിന്റെ സാക്ഷ്യപത്രമാകട്ടെ, തുക നല്കിയ തീയതിക്ക് (ബിൽ റഫ.നം.190601630146009800062/ 21.12.19 ശേഷം 13.01.2020-ൽ ഉള്ളതുമാണ് എന്നിരിക്കെയാണ് ഇപ്രകാരം തുക മുൻകൂർ നല്കിക്കാണുന്നത്.

ബി) ജൂൺ 2019 ലേക്കുള്ള സാക്ഷ്യപത്രത്തിൽ പ്രകടനം തൃപ്തികരമല്ലാത്തതിനാൽ രഞ്ജിത് രാജു.എം.ആർ എന്ന കലാകാരന് പകുതി നിരക്കിൽ തുക നല്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ടിയാൾക്ക് 57,500/-രൂപയാണ് ആകെ നല്കിയിട്ടുള്ളത്, ഇത് 1/2019 മുതൽ 12/2019 വരെയുള്ള കാലയളവിലേക്കുള്ളതായി പരിഗണിച്ചാൽ മാത്രമാണ് ഒരു മാസം പകുതി നിരക്ക്(@2500/-) ലഭിച്ചതായി മനസ്സിലാക്കാനാകുന്നത്. അരുൺരാജു എന്ന കലാകാരന് ജൂൺ, ജൂലൈ

മാസങ്ങളിലെ സാക്ഷ്യപത്രങ്ങളിൽ പ്രകടനമില്ലാത്തതിനാൽ തുക നല്കേണ്ടതില്ല എന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ശേഷിക്കുന്ന മാസങ്ങളിലെ തുക നല്കാതിരുന്നതിന് കാരണം വ്യക്തമല്ല. ടിയാൾ എന്ന് മുതലാണ് ക്ലസ്റ്ററിൽ സേവനം അനുഷ്ഠിച്ച് തുടങ്ങിയതെന്നതിനും വ്യക്തതയില്ല.

സി) കലാകാരന്മാരുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ഇവർ സേവനം അനുഷ്ഠിച്ച തീയതി, ക്ലാസ്സ് നടന്ന സ്ഥലം, സേവനത്തിന്റെ ഗുണഭോക്താക്കളായവരുടെ വിവരം മുതലായ ചെലവിന് ഉപോത്ബലകമായ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ടി വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/19-20), പ്രൊസീഡിംഗ്സിൽ തിരുത്ത് ആവശ്യമുണ്ടെന്നും, നവംബർ മാസത്തിലെ സാക്ഷ്യപത്രം സാംസ്കാരിക വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതാണെന്നും കലാകാരന്മാരുടെ കൈപ്പറ്റ് രസീത്, സേവനം അനുഷ്ഠിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. ടി അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് കാര്യക്ഷമമായി നടപ്പാകുന്നുവെന്നത് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

## 1-14 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ -വാട്ടർ പ്യൂരിഫയർ വാങ്ങൽ അപാകതകൾ

സെക്രട്ടറി നിർവ്വഹിച്ച, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.66/20) ബിൽ റഫ.നം.19060163014600988476/24.12.19 പ്രകാരം 1,19,960/-രൂപ വികസന ജനറൽ ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്.

ഇതിൽ 35,000/-രൂപ Tata Projects Ltd.-ന്റെ അക്കൌണ്ടിലേക്കും 84,960/-രൂപ ബ്ലോക്ക് ഡവ.ഓഫീസിന്റെ അക്കൌണ്ടിലേക്കുമാണ് ക്രഡിറ്റ് ചെയ്തു കാണുന്നത്. 84,960/-രൂപയിൽ നിന്ന് 55,460/-രൂപ നല്കിയിട്ടുള്ളത് Possible Solutions, Thekkekkara, Moncompu-എന്ന സ്ഥാപനത്തിന് വാട്ടർ കൂളറിന്റെ വിലയായിട്ടാണെന്ന് കാണുന്നു. പണമായി തുക പിൻവലിച്ച് നല്കിയ സാഹചര്യം വ്യക്തമല്ല. ടി സ്ഥാപനത്തിൽ നിന്നുള്ള Invoice മാത്രമാണ് ഫയലിൽ ഉള്ളത്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം, ക്യാഷ് രസീത് എന്നിവ ഇല്ല. വാട്ടർ പ്യൂരിഫയറിനായി 47,000/-രൂപയും 8,460/-രൂപ ജി.എസ്.ടി-യുമായിരുന്നെന്നാണ് ഇൻവോയിസിൽ കാണുന്നത്. വാട്ടർ കൂളർ വാങ്ങുന്നതിലേക്ക് കൊട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. വാങ്ങേണ്ട ഉപകരണത്തിന്റെ ആവശ്യകത, സ്പെസിഫിക്കേഷൻ എന്നിവ നിശ്ചയിച്ചിരുന്നതായും കാണുന്നില്ല. വാങ്ങൽ സംബന്ധിച്ച് പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനം എടുത്തിരുന്ന വിവരമോ, വാട്ടർ പ്യൂരിഫയറിന്റെ സ്റ്റോക്ക് വിവരമോ ഹാജരാക്കിയിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടി വികസനഫണ്ടിന് പുറമേ തനത്(ജനറൽ പർപ്പസ്)ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നുണ്ടെങ്കിലും, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രോജക്ടിൽ പ്രസ്തുത ഫണ്ടുകളുടെ വിവരങ്ങൾ പരാമർശിക്കപ്പെട്ടിട്ടില്ല. വികസന ഫണ്ട് 1,20,000/-മാത്രമാണ് അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് ചെലവുകളുടെ വിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടുമില്ല. തനത് വൌച്ചറുകൾക്കൊപ്പം മാത്രമാണ് ടി ചെലവുകളുടെ വിവരമുള്ളത്. ഇതിന്റെ സംക്ഷിപ്തം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഫയലിൽ പരാമർശിക്കപ്പെടുന്നില്ല എന്നതിനാൽ ഈ ഇനത്തിലെ ആകെ ചെലവ് എത്രയെന്ന് വ്യക്തതയില്ല. ഒരേ ഇനത്തിനായി വ്യത്യസ്ത ഫണ്ടുകൾ വിനിയോഗിച്ച് ചെലവ് വരുമ്പോൾ അവ പ്രത്യേക പ്രോജക്ട് ഫയലിലൂടെ നിരീക്ഷിക്കപ്പെടേണ്ടിയിരുന്നതാണ്. തൻവർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷന് വന്നിട്ടുള്ള ആകെ ചെലവിന്റെ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/19-20)മറുപടിയും ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടികളിലെ അവ്യക്തതമൂലവും ചെലവ് രേഖകളുടെ അഭാവത്തിലും, വാട്ടർ കൂളറിന്റെ വിലയിനത്തിലുള്ള 55,460/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് റ്റി.എ. നല്കിയത് സംബന്ധിച്ച്

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ ദിനവേതനാടിസ്ഥാനത്തിൽ ഡ്രൈവർ ആയി ജോലി ചെയ്യുന്ന ശ്രീ.ഷിജു, സ്ഥിരം ഡ്രൈവർ ആയ ശ്രീ. മധു റ്റി.സി. എന്നിവർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ 8 കിലോമീറ്റർ ചുറ്റളവിൽ വാഹനം ഓടിയിട്ടുള്ള ദിവസങ്ങളിലേക്ക് 125/- രൂപ നിരക്കിൽ റ്റി.എ. നല്കിയിരിക്കുന്നതായി കാണുന്നു. കെ.എസ്.ആർ. വാല്യം-1, പാർട്ട്-2, ചട്ടം-57 പ്രകാരം ആസ്ഥാനത്തുനിന്നും 8 കിലോമീറ്ററിൽ അധികരിക്കുന്ന യാത്രകൾക്ക് മാത്രമാണ് ടി.എ. നല്കാവുന്നത്.

1) ശ്രീ.ഷിജു, (KL 04 AK 7700)

| വൗച്ചർ നം./ ചെക്ക് നം./തുക | നല്കിയ തുക | ലോക്കൽ ട്രിപ്പുകൾ ഓടിയിട്ടുള്ള ദിവസങ്ങൾ | | | | ആകെ ട്രിപ്പുകൾ |
|---|---|---|---|---|---|---|
| 6/5-19/<br>3028954/9.5.19/39855/- | 6,240/- | 17.12.18<br>26.12.18 | 31.1.19<br>20.1.19 | 9.2.19<br>28.2.19 | | 6 |
| 56 | 8,250/- | 2.5.19 | 11.6.19 | 1.9.19 | 7.11.19 | 17 |

| | | | | | | |
|---|---|---|---|---|---|---|
| 2975407/2.12.19/134285/- | | 5.5.19<br>13.5.19<br>16.5.19<br>17.5.19 | 28.6.19<br>30.7.19<br>10.8.19 | 2.9.19<br>4.9.19<br>20.9.19<br>22.9.19 | 13.11.19<br>21.11.19 | |
| --<br>2975479/26.3.20/5500/- | 5,500/- | 1.12.19<br>8.12.19<br>21..12.19<br>23.12.19<br>28.12.19<br>31.12.19 | 2.1.20<br>3.1.20<br>17.1.20<br>18.1.20 | 5.2.20<br>25.2.20<br>26.2.20 | | 13 |
| ആകെ യാത്രകൾ | | | | | | 36 |

2) ശ്രീ.മധു.റ്റി.സി. (KL 04 AC 9090)

